നം. ബി3-15238/2020.

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം.
തീയതി: 29 /05/2020.

# നോട്ടീസ്

വിഷയം:- ജലസേചനം - ജീവനക്കാര്യം - 2020 വർഷത്തെ പൊതു സ്ഥലംമാറ്റം - അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 25.02.2017 ലെ സ.ഉ (പി) നം: 3/2017/ഉ.ഭ.പ.വ.

ജലസേചന വകുപ്പിലെ നോൺ-ഗസറ്റഡ്, ഗസറ്റഡ് ജീവനക്കാരിൽനിന്നും 2020 വർഷത്തിലെ പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷ e-monit വഴി ക്ഷണിച്ചുകൊള്ളുന്നു. ആയതിലേക്കായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) 25.02.2017 ലെ സ.ഉ (പി) നം: 3/2017/ഉ.ഭ.പ.വ പ്രകാരമായിരിക്കും 2020 ലെ പൊതു സ്ഥലം മാറ്റം നടത്തുക.

2) 15.06.2020.-നകം അപേക്ഷകൾ ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണത്തിന്റെ കാര്യാലയത്തിൽ e-monit വഴി ലഭിച്ചിരിക്കണം. **15.06.2020 ന് 5.00** മണിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

3) അപേക്ഷകൾ e-monit വഴി Controlling Officer മുഖേന ആയിരിക്കണം സമർപ്പിക്കേണ്ടത്. അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

4) സ്ഥലംമാറ്റം ആവശ്യമുള്ളവർ പുതിയതായി അപേക്ഷകൾ നൽകണം. മുൻകാലങ്ങളിൽ നൽകിയ അപേക്ഷകൾ 2020 ലെ പൊതുസ്ഥലം മാറ്റത്തിന് പരിഗണിക്കുന്നതല്ല.

5) അപേക്ഷ പൂർണ്ണമായും പൂരിപ്പിച്ചിരിക്കണം. അപൂർണ്ണമായ അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

6) ഒരു സ്റ്റേഷനിൽ ഡ്യൂട്ടിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ 3 വർഷം സേവനം 30.04.2020 ൽ പൂർത്തിയാക്കുന്ന ജീവനക്കാർ മാത്രം അപേക്ഷ നൽകിയാൽ മതി

യാകും. ഒരു സ്റ്റേഷൻ എന്നാൽ ഒരു റവന്യൂ ജില്ലയിൽ 15 കിലോമീറ്റർ ചുറ്റളവിനുള്ളിലെ തുടർച്ചയായ സർവ്വീസ് ആയിരിക്കും.

7) ഒരു അപേക്ഷകൻ ഒരു ഓഫീസിലേയ്ക്ക് സ്ഥലംമാറ്റം ആവശ്യപ്പെടുകയാണെങ്കിൽ ആ ഓഫീസിന്റെ 15 കിലോമീറ്റർ ചുറ്റളവിൽ (സ്റ്റേഷൻ) ഉള്ള ഓഫീസുകളിൽ ഏറ്റവും കൂടുതൽ കാലമായി ജോലിചെയ്യുന്ന ജീവനക്കാരനായിരിക്കും ആ സ്റ്റേഷൻ വിട്ട് പോകാൻ ബാധ്യസ്ഥനാവുക.

8) ഒഴിവിന്റെ അഭാവത്തിൽ, ജില്ലാതലത്തിൽ നിയമനം നേടിയവരിൽ മറ്റ് ജില്ലകളിൽ മാറ്റി നിയമിച്ചവരെ 3 വർഷം കണക്കാക്കാതെ സ്വന്തം ജില്ലയിലേയ്ക്ക് അവർക്ക് മുൻഗണന നൽകുന്നതായിരിക്കും.

9) പൊതുസ്ഥലം മാറ്റത്തിന് ഒപ്പം അന്തർജില്ലാ സ്ഥലം മാറ്റവും ആവശ്യമുള്ളവർ അന്തർ ജില്ലാ സ്ഥലം മാറ്റത്തിന്റെ നിയമങ്ങൾക്ക് അനുസൃതമായി അന്തർജില്ലാ സ്ഥലം മാറ്റത്തിന്റെ അപേക്ഷ മാതൃകയും ആവശ്യമായ രേഖകളും ഉചിതമാർഗ്ഗേന ഈ കാര്യാലയത്തിൽ 15.06.2020 -നകം പ്രത്യേകം എത്തിക്കേണ്ടതാണ്.

10) അനുകമ്പാർഹമായ കാരണങ്ങൾക്കോ, പ്രത്യേക മുൻഗണന അർഹിക്കുന്നുവെങ്കിലോ ആയത് തെളിയിക്കുന്ന സർട്ടിഫിക്കറ്റിൻെറ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്.

11) ഓരോ ജീവനക്കാരനും അവരുടെ 'ഹോം സ്റ്റേഷൻ' അപേക്ഷയോടൊപ്പം ഡിക്ലയർ ചെയ്യേണ്ടതാണ്.

12) സ്ഥലംമാറ്റം ആവശ്യമായ സ്റ്റേഷനുകൾ 1, 2, 3 എന്ന നിലയിൽ മുൻഗണനാ ക്രമത്തിൽ നിശ്ചയിക്കേണ്ടതാണ്. നിലവിലുള്ള സ്റ്റേഷൻ സർവ്വീസ് ദൈർഘ്യം ആയിരിക്കും പൊതു സ്ഥലംമാറ്റം ലഭിക്കുവാനുള്ള മാനദണ്ഡം.

13) 2020 ലെ പൊതുസ്ഥലം മാറ്റത്തിന്റെ കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതായിരിക്കും.

14) പൊതുസ്ഥലം മാറ്റത്തിന് ശേഷം ഒരു കാര്യാലയത്തിൽ ഒരു സീറ്റിൽ / സെക്ഷനിൽ മൂന്ന് വർഷത്തിലധികമായി ഇരിക്കുന്ന ജീവനക്കാരെ അതേ കാര്യാലയത്തിൽ തന്നെ ഉചിതമായ രീതിയിൽ സീറ്റ് / സെക്ഷൻ മാറ്റുവാൻ ഓഫീസ് മേധാവികൾ നടപടി സ്വീകരിക്കേണ്ടതാണ്.

15) ജീവനക്കാരുടെ സ്ഥലംമാറ്റ അപേക്ഷ 15.06.2020 നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കണം. ഈ കാര്യങ്ങളിൽ വീഴ്ച വരുത്തുന്നത് മൂലം ഏതെങ്കിലും ജീവനക്കാരന് നിയമപ്രകാരം സ്ഥലംമാറ്റം ലഭിക്കാതെ വരികയാണെങ്കിൽ ആയതിനുള്ള പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട ഓഫീസ് മേധാവിക്കായിരിക്കും.

16) പൊതു താല്പര്യാർത്ഥം ഒരു ജീവനക്കാരനെ / ജീവനക്കാരിയെ മാറ്റേണ്ടുന്ന ആവശ്യം ഉണ്ടെങ്കിൽ ആയത് നടപ്പിൽ വരുത്തുന്നതായിരിക്കും.

17) അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ താഴെ തട്ടിലുള്ള ജീവനക്കാരുടേയും സീനിയർ സൂപ്രണ്ട് മുതൽ താഴെ തട്ടിലുള്ള ജീവനക്കാരുടേയും പൊതുസ്ഥലംമാറ്റം ചീഫ് എഞ്ചിനീയർ (ഐ & എ) തലത്തിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽ മുകളിലോട്ടും അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലെയും പൊതുസ്ഥലംമാറ്റം സർക്കാർ തലത്തിലും ആയിരിക്കും നടപ്പിൽ വരുത്തുന്നത്. സർക്കാർ തലത്തിൽ നടത്തേണ്ടുന്ന സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ നിശ്ചിത പ്രൊഫോർമയിൽ സമർപ്പിക്കുന്നതിനോടൊപ്പം e-monit വഴിയും 15.06.2020-നകം സമർപ്പിക്കേണ്ടതാണ്. ആയതിനുള്ള അപേക്ഷ ഫോറം വകുപ്പിന്റെ website-ൽ ലഭ്യമാണ്.

18) പിന്നോക്ക ജില്ലകളായ ഇടുക്കി, വയനാട് ജില്ലകളിലെയും, പാലക്കാട് ജില്ലയിലെ അട്ടപ്പാടി, നീരാർ തുഞ്ചിയ മലയോര പ്രദേശങ്ങളിലെ (Difficult area) അപേക്ഷകർക്ക് പൊതുസ്ഥലംമാറ്റത്തിന് അപേക്ഷിക്കുവാൻ ആവശ്യമായ സേവനദൈർഘ്യത്തിന് നിയമപരമായ ഇളവ് ഉണ്ടായിരിക്കുന്നതാണ്.

19) അസിസ്റ്റന്റ് എഞ്ചിനീയർ, തേർഡ് ഗ്രേഡ് ഓവർസിയർ തുടങ്ങിയ ജീവനക്കാർക്ക് അവരുടെ അധികാര ദൂരപരിധി 15 കിലോമീറ്റർ ചുറ്റളവിന് കൂടുതൽ ആണെങ്കിൽ, അവരുടെ സ്ഥലം മാറ്റത്തിന് ഏത് ഓഫീസിൽ ജോലി ചെയ്യുന്നു എന്നതും അധികാര ദൂരപരിധിയുമായിരിക്കും സ്റ്റേഷൻ മാനദണ്ഡമായി പരിഗണിക്കുന്നത്.

20) 18, 19 ഖണ്ഡികകളിലെ നിർദ്ദേശങ്ങൾ സർക്കാർ തീരുമാനത്തിന് വിധേയമായിട്ടായിരിക്കും.

ചീഫ് എഞ്ചിനീയർ (ഐ&എ)

പകർപ്പ്:- എല്ലാ ഓഫീസ് മേധാവികൾക്കും